# നിശബ്ദതയിലും പ്രവർത്തിക്കുന്ന ദൈവസാന്നിധ്യം

## സങ്കീർത്തനം 22:1

"എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈ വിട്ടതെന്ത്? എന്നെ രക്ഷിക്കാതെയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കാതെയും അകന്നു നിൽക്കുന്നതെന്തു?"

ദാവീദ് പാടിയ ഒരു സങ്കീർത്തനമാണ് ഇതെങ്കിലും പലപ്പോഴും നാമും ദൈവസന്നിധിയിൽ ചോദിച്ചിട്ടുള്ള ഒരു ചോദ്യമാണ് മേൽ പറഞ്ഞ വാക്യം. പല രാത്രികളിലും പകലുകളിലും ദൈവസന്നിധിയിൽ കണ്ണുനീരോടെ യാചിച്ചിട്ടും ഉത്തരം ലഭിക്കാതെ വരുമ്പോൾ, ഹൃദയത്തിൽ നിന്ന് നാം അറിയാതെ ഈ ഒരു ചോദ്യം ഉരുത്തിരിഞ്ഞു വരും. ദൈവം എവിടെയാണ്, എന്താണ് എന്നെ സഹായിക്കാത്തത് എന്നൊക്കെ ഉള്ള ചിന്തകൾ നമ്മെ ഭരിക്കും. ഇവിടെ നാം കാണുന്നത് ദൈവത്തിന്റെ നിശബ്ദതയാണ്. നമ്മോട് സംസാരിക്കുന്ന ദൈവം ഇപ്പോൾ നിശബ്ദനായിരിക്കുന്നുവെങ്കിൽ അതും ഒരു ദൈവാനുഭവമാണ്. അത് നാം തിരിച്ചറിയണം. അവിടെയും ദൈവസാന്നിധ്യം നമുക്ക് അനുഭവിക്കാൻ കഴിയണം, കാരണം ദവീദ് തന്റെ ഞരക്കങ്ങൾക്കിടയിലും ദൈവത്തെ സ്തുതിക്കുന്നതായി നാം കാണുന്നു.

ക്രൂശിതനായ യേശുവും തന്റെ പിതാവിനോട് ക്രൂശിൽ കിടന്ന് ഇങ്ങനെ തന്നെ നിലവിളിക്കുമ്പോൾ സ്വർഗ്ഗം മൗനമായിരിക്കുന്നു. അവിടെ പിതാവിങ്കലേക്ക് തന്റെ ആത്മാവിനെ സമർപ്പിക്കുന്ന പുത്രനെയാണ് നാം കാണുന്നത്. ദൈവത്തിനു ശക്തിയില്ലാത്തതുകൊണ്ടോ, നിലവിളി കേൾക്കാത്തതുകൊണ്ടോ, മനസ്സലിവില്ലാത്തതു കൊണ്ടോ ഒന്നുമല്ല ഇവിടെ ഉത്തരം ലഭിക്കാത്തത് ദൈവത്തിന്റെ പദ്ധതികൾ നമ്മിൽ നിറവേറേണ്ടതായിട്ടുണ്ട്. അതിനായി നമ്മെ അവൻ ഒരുക്കുന്നതാണ് ഈ നിശബ്ദതയിലൂടെ നാം കടന്നു പോകുന്നത്. അത് തിരിച്ചറിയുന്ന ദൈവപൈതൽ തളരില്ല, ആശ്രയം മാറിപ്പോവില്ല, വിശ്വാസം നശിക്കില്ല. നമ്മുടെ ആശ്രയം എപ്പോഴും കർത്താവിൽ മാത്രമായിരിക്കണം. കാരണം "ഇപ്പോഴും എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയരത്തിലും ഇരിക്കുന്നു." (ഇയ്യോബ് 16:19)

എല്ലാം നഷ്ടപ്പെട്ട ഇയ്യോബിന്റെ വിശ്വാസവും പ്രത്യാശയുമാണ് നാം കണ്ടത്. ഇതു പോലെ നമുക്കും ഒരു പിതാവുണ്ട്. നമ്മെ കാണുന്ന അറിയുന്ന ഒരു പിതാവ്. ഓരോ നിശബ്ദതയും ഓരോ ദൈവാനുഭവമാണ്. അത് തിരിച്ചറിയണം. സ്വർഗ്ഗത്തിലും ഭൂമിയിലും എന്റെ പ്രത്യാശയും പ്രകാശവും ദൈവം ഒരുവൻ മാത്രമാണെന്ന് നാം മറന്നു പോകരുത്. ഉത്തരം കിട്ടാത്ത പ്രാർത്ഥനകൾക്ക് നടുവിൽ ഈ ചിന്ത നമ്മെ ബലപ്പെടുത്തും. അപ്പോൾ

ദൈവീക സമാധാനം നമുക്ക് അനുഭവിക്കുവാൻ കഴിയും. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

പരാമർശം :

യിരെമ്യാവ് 23:28

ഞാൻ സമീപസ്ഥനായ ദൈവം മാത്രം ആകുന്നുവോ? ദൂരസ്ഥനായ ദൈവവുമല്ലയോ?

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 071